LK /2018/43067

2022-25 BATCH



# മിന്നാമിനുങ്ങ്

ബി.എൻ.വി.വി.ആന്റ് എച്ച്.എസ്.എസ്
തിരുവല്ലം

## ഡിജിറ്റൽ മാഗസിൻ 2023

LK /2018/43067

2022-25 BATCH



*ബി എൻ വി സ്കൂളിൻ്റെ ഐ റ്റി ക്ലബ്ബായ ലിറ്റിൽ കൈറ്റ്സ് ഒരുക്കുന്ന മിന്നാമിനുങ്ങ് എന്ന ഡിജിറ്റൽ മാഗസിൻ കുട്ടികൾക്കും രക്ഷിതാക്കൾക്കും ഒരുപോലെ പ്രയോജനപ്പെടട്ടെ എന്ന് ആശംസിക്കുന്നു.*

ശ്രീ. എ. സുരേഷ്
സ്കൂൾ മാനേജർ



2023 വർഷത്തെ ബി.എൻ.വി സ്കൂളിൻ്റെ മിന്നാമിനുങ്ങ് എന്ന ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കിയ ലിറ്റിൽ കൈറ്റ്സിലെ പ്രതിഭകൾക്ക് എല്ലാവിധ അനുമോദനങ്ങളും അറിയിക്കുന്നു. അതിനോടൊപ്പം ഇത്തരം പ്രവർത്തനങ്ങൾ മറ്റ് കുട്ടികൾക്കും പ്രചോദനമാവട്ടെ എന്നും ആശംസിക്കുന്നു.

ശ്രീമതി. അമ്പിളി. റ്റി. എൻ
ഹെഡ്മിസ്ട്രസ്

LK /2018/43067

2022-25 BATCH



ബി എൻ വി സ്കൂളിലെ IT club ആയ littile kites ഒരുക്കുന്ന ഡിജിറ്റൽ magazine "മിന്നാ മിനുങ്ങ് " കുട്ടികൾക്കും രക്ഷിതാക്കൾക്കും ഒരുപോലെ പ്രയോജനമുണ്ടാവട്ടെ. ഈ ആധുനിക യുഗത്തിൽ നമ്മുടെ കുട്ടികൾ IT സാധ്യതകളെ മനസിലാക്കി മുന്നേറട്ടെ എന്ന് ആശംസിക്കുന്നു.

ശ്രീ. പ്രകാശ് കുമാർ. വി

പ്രിൻസിപ്പൽ

LK /2018/43067

2022-25 BATCH



ബി എൻ വി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കുന്ന മിന്നാമിനുങ്ങ് എന്ന ഈ ഡിജിറ്റൽ മാഗസിൻ എല്ലാവർക്കും വായനയുടെ ഒരു പുതിയ അനുഭവം പ്രദാനം ചെയ്യട്ടെ. അതോടൊപ്പം തന്നെ ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും എല്ലാ വിധ ആശംസകളും അറിയിക്കുന്നു.

ശ്രീമതി. ജയശ്രീ. ജി
വി എച്ച് എസ് സി പ്രിൻസിപ്പാൾ

LK /2018/43067

2022-25 BATCH

## ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



### മാഗസിൻ സമിതി

| ചീഫ് എഡിറ്റർ | സബ് എഡിറ്റർ | സ്റ്റുഡൻ്റ് എഡിറ്റർ |
|---|---|---|
| ബ്രിജിത്ത്.ബി.എസ് | ലക്ഷ്മി.എം.പി | അവിനാഷ്.എസ്.ആർ |
| | അജീഷ്.എ.ജെ | നന്ദകുമാർ.ആർ.കെ |
| | മഞ്ജു.എം | ഡെനിൻ ഡേവിഡ്സൺ |

LK /2018/43067

2022-25 BATCH

താളുകളിലൂടെ.......


- പ്രത്യുപകാരം
- ചിന്നു കുറുക്കന്റെ കൊതി
- ആപ്പിൾ നിറഞ്ഞ മരം
- ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ ചിത്രങ്ങളിലൂടെ
- മാവിൻ ചുവട്ടിലെ വിശേഷണങ്ങൾ
- ബുദ്ധിശാലിയായ കണ്ടൻ പൂച്ചയും എലികളും
- വിലയുടെ മൂല്യം
- ഓണതുമ്പികൾ
- ഉണ്ണിക്കുട്ടനും ജിമ്മിപ്പൂച്ചയും
- ഈച്ചയും പൂച്ചയും
- തങ്കമ്മച്ചേച്ചി
- ചക്കപ്പഴവും കാക്കപ്പടയും
- കേരളം
- വിദ്യാലയം
- ചിത്രങ്ങളിലൂടെ
- എന്റെ അമ്മ

# പ്രത്യുപകാരം

വൃദ്ധനായ കേശു കാട്ടിൽ കായ്കനികൾ അന്വേഷിച്ച് നടക്കുകയായിരുന്നു. അപ്പോൾ അതാ ഒരു വലിയ ആന! വഴിയിൽ കിടക്കുകയാണ്. വൃദ്ധന് ഭയം തോന്നി. അയാൾ മെല്ലെ  ആനയുടെ അടുത്ത് ചെന്നു. അതിന് എന്തോ അപകടം പറ്റിയതാണ് എന്ന് കേശുവിന് മനസ്സിലായി. അയാൾ ഉടനെ വീട്ടിലേയ്ക്കോടി തിരിച്ച് ഒരു വലിയ പാത്രവുമായി വന്നു. എന്നിട്ട് അടുത്ത അരുവിയിൽനിന്ന് വെള്ളം നിറച്ച് ആനയുടെ മുമ്പിൽ എത്തിച്ചു. ആന ആർത്തിയോടെ കുടിച്ചു. കുറയെ ഇലയും, ഓലയും കൊണ്ട് വന്ന് ആനയുടെ മുന്നിലിട്ടു കൊടുക്കുകയും ചെയ്തു. കേശു അടുത്ത് ചെന്നു ആനെയെ തലോടി. ആന അനങ്ങാതെ കിടന്നു. ആനയ്ക്ക് എന്തു പറ്റിയെന്ന് അയാൾ പരിശോദിച്ചു. അതാ ആനയുടെ കാലിൽ മരത്തിന്റെ കുറ്റി കുത്തിക്കയറിയിരിക്കുന്നു. അതുമൂലം കാലിൽ നീരുവന്ന് വീർത്തിരിക്കുകയാണ് അയാൾ മെല്ലെ ആനയുടെ കാലിൽനിന്നും  മരക്കുറ്റി ഊരിയെടുത്തു. അതോടെ ആനയ്ക്ക് ആശ്വാസമായി. കൂടാതെ കുറയെ പച്ചമരുന്നു അരച്ച് കുഴമ്പാക്കി മുറിവിൽ വെച്ചുകൊടുക്കുകയും ചെയ്തു. രണ്ടു മൂന്നു ദിവസം കൊണ്ട് മുറിവ് സുഖമായി. കേശുവിന് സന്തോഷമായി.

നാളുകൾ കഴിഞ്ഞു. മഴക്കാലമെത്തി. ചീറിപ്പായുന്ന കാറ്റിൽ അയാളുടെ ചെറിയ വീട് ആടിയുലഞ്ഞു. ഇതു തകർന്നുവീഴാൻ വലിയ താമസമില്ല കേശുവിന്റെ ഭാര്യ പറഞ്ഞു. പുര നന്നാക്കാൻ മരക്കാലും ഓലയും വേണം. വനത്തിൽ പോയി ശേഖരിക്കുവാൻ അത്ര എളുപ്പമല്ല. കേശു വിഷമത്തോടെ പുറത്തേക്ക് നോക്കിയിരുന്നു. പിറ്റേ ദിവസം രാവിലെ അയാൾ ഉണർന്നു

മുറ്റത്ത് നോക്കിയപ്പോൾ കണ്ട കാഴ്ച്ച പുരക്ക് വേണ്ട മരക്കാലുകളും ഓലയുമെല്ലാം മുറ്റത്ത് കിടക്കുന്നു. അയാൾ അത്ഭുതത്തോടെയും ആഹ്ളാതത്തോടെയും ഭാര്യയെ വിളിച്ചു. ആരാണ് അവ മുറ്റത്ത് കൊണ്ടിട്ടതെന്നു അറിയാൻ അവർ മുറ്റത്ത് ഇറങ്ങി. ആ വലിയ ആന മെല്ലെ തിരികെ കാട്ടിലേക്ക് നടന്നു പോകുന്നത് അവർ കണ്ടു.

"അതാ പറയുന്നത്. നന്മക്ക് പ്രതിഫലം നൻമതന്നെയെന്ന്"

ആഭിഷേക്.എസ്.സുജൻ (7A)

കഥ

# ചിന്നു കുറുക്കന്റെ കൊതി

മഞ്ചാടി കാട്ടിൽ വസിച്ചിരുന്ന കുറുക്കനായിരുന്നു ചിന്നു കുറക്കൻ. അവന് മുയൽ ഇറച്ചി തിന്നാൻ വലിയ കൊതിയായിരുന്നു. എന്നാൽ എത്ര തന്നെ ശ്രമിച്ചിട്ടും ചിന്നു കുറക്കന് ഒരു മുയലിനെ പോലും വേട്ടയാടി പിടിക്കാൻ കഴിഞ്ഞിട്ടില്ല. വലിയ വിഷമത്തിലായ ചിന്നു കുറുക്കൻ ഒടുവിൽ ഒരു ബുദ്ധി പ്രയോഗിക്കാൻ തീരുമാനിച്ചു. ഒരു മുലിനെ ചങ്ങാതി ആക്കിയ ശേഷം അവനെയും അവൻ്റെ കൂട്ടുകാരെയും ആഹാരമാക്കി തന്റെ കൊതിയെ ഇല്ലാതാക്കാം.

അപ്പോഴാണ് തീറ്റതേടി മിട്ടു മുയൽ പാറക്കെട്ടുകളിൽ കൂടി പോകുന്നത് ചിന്നു കുറുക്കൻ കണ്ടത്. ഉടനെ ചിന്നു മിട്ടുവുമായി ചങ്ങാത്തത്തിലാകാനുള്ള ശ്രമങ്ങൾ ചിന്നു കുറുക്കൻ ആരംഭിച്ചു. മിട്ടുവിന് ചിന്നു തന്റെ കൈയിൽ കരുതിയ കാരറ്റുകൾ നൽകി. പതുക്കെ അവർ ഉറ്റചങ്ങാതിയായിമാറി.

ഒരു ദിവസം ചിന്നു മിട്ടുവിനെ തന്റെ വീട്ടിലേക്ക് ക്ഷണിച്ചു "നാളെ എന്റെ പിറന്നാളാണ്.നീയും നിന്റെ  കൂട്ടുകാരും വരണം. ഞാൻ നിങ്ങൾക്ക് നിറയെ കാരറ്റുകൾ കരുതി വച്ചിട്ടുണ്ട് ചിന്നു പറഞ്ഞു. കാരറ്റ് എന്നു കേട്ടപ്പോൾ മിട്ടുവിന്റെ വായിൽ വെള്ളം നിറഞ്ഞു. ശരി ചങ്ങാതി ഞാനും എന്റെ കൂട്ടുകാരും കാത്തിരിക്കാം- മിട്ടു പറഞ്ഞു.

പിറ്റെ ദിവസം മിട്ടുവും കൂട്ടുകാരും ചിന്നുവിന് പിറന്നാൾ സമ്മാനവുമായി പോകുന്നത് മിട്ടുവിന്റെ അമ്മാവനായ ചോട്ടുമുയൽ കണ്ടു. മിട്ടുവിൽ നിന്നും വിവരങ്ങളറിഞ്ഞ ചോട്ടുവമ്മാൻ അൽപന്നേരം അലോചിച്ചിട്ട് പറഞ്ഞു. "മിട്ടു....... കുറുക്കന്മാർ ചതിയൻമാരാണ്". "സൂക്ഷിക്കണം......... നിന്നെയും

കൂട്ടുകാരെയും ചതിയിൽ പെടുത്തി ഭക്ഷണമാക്കാനാണ് ചിന്നക്കുറുക്കൻ ശ്രമിക്കുന്നത്".ചോട്ടുവമ്മാവൻ പറഞ്ഞത് കേട്ടപ്പോഴാണ് തന്റെ ചങ്ങാതി ഒരു മാംസഭോജിയാണെന്നും തന്നെയും കൂട്ടുകരെയും ചിന്നകുറുക്കൻ ചതിക്കാനാണ് ശ്രമിക്കുന്നതെന്നും മിട്ടുവിന്ന് മനസ്സിലായത്. ഉടനെ തന്നെ മിട്ടുവും കൂട്ടുക്കാരും ചോട്ടുവമ്മാവന് നന്ദി പറഞ്ഞു തിരികെ തങ്ങളുടെ വീടുകളിലേക്ക് മടങ്ങി. പിന്നെ ഒരിക്കലും മിട്ടു ചിന്നക്കുറുക്കനുമായി ചങ്ങാത്തം കൂടാൻ പോയിട്ടില്ല. സ്വഭാവത്തിലും ഗുണത്തിലും തങ്ങളോട് ചേരുന്നവരെ മാത്രമെ സുഹൃത്തായി സ്വീകരിക്കാവൂ എന്ന് മിട്ടുവിന്ന് മനസ്സിലായി.

അഗ്നീഷ്.എസ്.എസ്. (7A)

കഥ

# ആപ്പിൾ നിറഞ്ഞ മരം

ഒരിടത്ത് ഒരു ആമയും മുയലും താമസിച്ചിരുന്നു. തനിക്ക് നല്ല സൗന്ദര്യം ഉണ്ടെന്ന് പറഞ്ഞ് മുയൽ അഹങ്കരിച്ചു. പക്ഷെ ആമയ്ക്ക് എപ്പോഴും വിഷമമായിരുന്നു കാരണം ആമ ഇഴഞ്ഞാണ് നടന്നിരുന്നത്. ഒരു ദിവസം മുയൽ മണ്ണ് കുഴിച്ച് കാരറ്റ് തിന്ന് കൊണ്ട് നിൽക്കുകയായിരുന്നു. അപ്പോൾ ആ വഴി ആമ വന്നു മുയലിനോട് ചോദിച്ചു: നീ ആനകുട്ടനെ കണ്ടോ. മുയൽ പറഞ്ഞു ആനക്കുട്ടൻ കുളിക്കാൻ കുളക്കരയിലേക്ക് പോയി. ആമ നേരെ കുളക്കരയിലേക്ക് പോയി. അപ്പോൾ അവിടെ ആനക്കുട്ടൻ കുളിച്ചു കൊണ്ടിരിക്കുകയായിരുന്നു. ആന കുളികഴിഞ്ഞ്  കുളത്തിൽ നിന്ന് കയറി നടന്നു. ആമയും ആനകുട്ടന്റെ കൂടെ നടന്നു. അവർ രണ്ടു പേരും കളിച്ചും ചിരിച്ചും രസിച്ചു നടന്നപ്പോൾ വഴി തെറ്റിപ്പോയി. അവർ എത്തിയത് ഒരു കാട്ടിലാണ്. അവിടെ നിറയെ മരങ്ങളും പാറകളും കൊണ്ട് നിറഞ്ഞിരുന്നു. അവർ നടന്ന് നടന്ന് ഒരു നദിയുടെ തീരത്ത് എത്തിചേർന്നു. ആ നദിയുടെ മറുതീരത്ത് ഒരു വലിയ മരം അവർ കണ്ടു. അതിൽ അതി മനോഹരമായ നിറത്തിലും ഭംഗിയുമുള്ള ആപ്പിൾ നിറഞ്ഞു നിന്നിരുന്നു. അവർ രണ്ടുപേരും അതിൽ നിന്ന് ആപ്പിൾ കഴിച്ചു. ആമ മുയലിന് വേണ്ടി കുറച്ചു മാറ്റി വച്ചു. അതിനു ശേഷം അവർ വഴി തിരഞ്ഞ് തിരിച്ചെത്താറായപ്പോൾ ആ കാട്ടിലെ ദുഷ്ടൻമാരായ മൂന്ന് കുരങ്ങൻമാർ അവരിൽ നിന്ന് അപ്പിളിനെ തട്ടിപറച്ചു കഴിച്ചു. അവർ രണ്ടുപേരും തിരിച്ച് വിഷമത്തോടെ വീട്ടിലേക്ക് മടങ്ങി. പിറ്റേ ദിവസം ആമ ആനയെയും മുയലിനെയും കൂട്ടി ആ കാട്ടിലേക്ക് തിരിച്ചു. പതിവു പോലെ

അവർ അന്നും ആപ്പിൾ കഴിച്ചു ആ സമയത്ത് ആന കുളത്തിൽ ഇറങ്ങി കുളിച്ചു. അതിനു ശേഷം അവർ വീട്ടിലേക്ക് മടങ്ങി. അപ്പോഴേക്കും സമയം ഉച്ചയായി. അവർ മൂന്നു പേരും ഒരു മരത്തിന്റെ ചുവട്ടിൽ ഇരുന്നു. അപ്പോൾ ആ കാട്ടിലെ ദുഷ്ടനായ സിംഹം ഒരു മാൻകുട്ടിയെ തിന്നുകയായിരുന്നു. ആ സിംഹം എല്ലാ ദിവസവും ഓരോ മൃഗങ്ങളെ തിന്നുമായിരുന്നു. പിറ്റെ ദിവസം രാവിലെ സിംഹം വിശന്നലഞ്ഞ് ഒരു കുളക്കരയിൽ എത്തി. അവിടെ അപ്പോൾ ഒരു കുരങ്ങൻ വെള്ളം കുടിക്കുകയായിരുന്നു. കുരങ്ങൻ ആ സിംഹത്തിനോട് പറഞ്ഞു നീ ഇങ്ങനെ ഓരോ ദിവസവും ഓരോരുത്തരെയും തിന്നു കഴിഞ്ഞാൽ അവസാനം നീ മാത്രമേ ഈ കാട്ടിൽ കാണുകയുള്ളൂ. അങ്ങനെ പറഞ്ഞ കുരങ്ങനെയും സിംഹം ഭക്ഷണം ആക്കി. അതുകണ്ട് നിന്ന മുയൽ കുട്ടൻ ആ വിവരം കാട്ടിലെ എല്ലാവരെയും അറിയിച്ചു. അതു അറിഞ്ഞപ്പോൾ  അവിടെയുള്ള മറ്റെല്ലാം മൃഗങ്ങളും സിംഹം അറിയാതെ എന്തൊക്കെയൊ തീരുമാനിച്ചു. അത് സിംഹത്തിനെ ഒരു പാഠം പഠിപ്പിക്കാനായിരുന്നു. അപ്പോൾ മുയൽ കുട്ടന് ഒരു സൂത്രം തോന്നി. പിറ്റെ ദിവസം മുയൽ സിംഹത്തെ വെല്ലുവിളിച്ചു. അത് മുയതിനെ ഓടി തോൽപ്പിക്കാനായിരുന്നു. അവർ മത്സരം തുടങ്ങി അത് സിംഹത്തെ കുടുക്കാനുള്ള ഒരു കുരുക്കായിരുന്നു. മുയൽ ഓടുന്നതായി ഭാവിച്ചു നടന്നു. സിംഹം അപ്പോഴും ഓടുന്നുണ്ടായിരുന്നു. കാട്ടിന്റെ നടുവിൽ ഒരു കുഴി അവർ ഒരുക്കിയിരുന്നു. അത് അറിയാതെ സിംഹം അതിൽ വീണു. ദുഷ്ടനായതിനാൽ ആരും രക്ഷിക്കാനും എത്തിയില്ല. സിംഹം ദാഹിച്ചു വലഞ്ഞു മരിച്ചു. അത് അവിടത്തെ എല്ലാ മൃഗങ്ങൾക്കും

LK /2018/43067

2022-25 BATCH

സന്തോഷമായി പിന്നെ അവർ സന്തോഷിച്ച് ഉല്ലസിച്ച് ആപ്പിൾ കഴിക്കാൻ പുറപ്പെട്ടു.

അനന്തു.എ (10 A)

കഥ

LK /2018/43067

2022-25 BATCH












LK /2018/43067

2022-25 BATCH













LK /2018/43067

2022-25 BATCH





















# മാവിൻ ചുവട്ടിലെ വിശേഷണങ്ങൾ

ഒരിടത്ത് ഒരു ചെറിയ ഗ്രാമം ഉണ്ടായിരുന്നു. ആ ഗ്രാമത്തിൽ ഒരു വലിയ മാവ് ഉണ്ടായിരുന്നു ആ മാവിൻ ചുവട്ടിൽ അവിടെയുള്ള എല്ലാം ആളുകളും വന്ന് ഇരിക്കുകയും, കൊച്ചു കുട്ടികൾ അവിടെ വന്ന് കളിക്കുകയും ആ മാവിൻ മേൽ നിൽക്കുന്ന മാമ്പഴം കല്ലെറിഞ്ഞ് വീഴ്ത്തുകയും ചെയ്യുമായിരുന്നു. ആ മരത്തിൽ ഉണ്ടാകുന്ന മാമ്പഴം നല്ല മധുരമാണ്. ആ മാമ്പഴം കഴിക്കാൻ ആ ഗ്രാമത്തിലുള്ള എല്ലാ ആൾക്കാർകും വളരെ അധികം ഇഷ്ടമാണ് അങ്ങനെ ഒരു ദിവസം ആ ഗ്രാമത്തിൽ കുറയെ കുരങ്ങൻമാർ വന്നു. അവിടെയുള്ള ആളുകളെ ആ കുരങ്ങൻമാർ വല്ലാതെ ഉപദ്രവിക്കുമായിരുന്നു. ആ കുരങ്ങൻമാരുടെ ശല്യം സഹിക്കാനാവാതെ അവിടെയുള്ള ആളുകൾ അതിനെ അവിടന്ന് ഓടിക്കാൻ ശ്രമിച്ചു, പക്ഷെ അത് നടന്നില്ല. എന്നിട്ട് ആ കുരങ്ങൻമാർ ആ മാവിന്റെ മുകളിൽ കയറി മാമ്പഴം തിന്നാൻ തുടങ്ങി. ആ ഗ്രാമത്തിൽ കുരങ്ങൻമാരുടെ ശല്യം കൂടി കൂടി വന്നു. അവിടെയുള്ള ആളുകൾ കുറച്ചു പേർ അവിടെന്ന് പോകുവാൻ തീരുമാനിച്ചു. പക്ഷെ അവർ ആ ഗ്രാമവും അവിടെയുള്ള ആളുകളെയും ആ മാവിനെയും വിട്ട് പോകുവാൻ താൽപര്യം ഇല്ലായിരുന്നു. പിന്നീട് ഫോറസ്റ്റ് ഓഫിസർ വന്നു അവിടെയുണ്ടായിരുന്ന കുരങ്ങൻമാരെ മുഴുവൻ പിടിച്ചുകൊണ്ട് പോയി. അങ്ങനെ അവിടെ ആ ഗ്രാമം പഴയത് പോലെ ആയി. അപ്പോൾ അവിടെയുള്ള ആളുകൾക്ക് സന്തോഷമായി. ആ മാവിലെ മധുരമുള്ള മാമ്പഴം അവിടെയുള്ള ആളുകൾക്ക് എത്രയോ ദിവസത്തിന് ശേഷം കഴിച്ചത് കൊണ്ട് പിന്നെയും ആ ആളുകൾക്ക് വളരെ അധികം സന്തോഷമായി. നമുക്ക്

എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടായാൽ നമ്മൾ അതിനെ നേരിടണം ഒരു പക്ഷെ നമ്മൾ അവിടുന്ന് പോയാൽ നമുക്ക് നമ്മുടെ സുഹൃത്തിനെ നഷ്ടപ്പെട്ടന്ന് വരും. നമ്മുടെ ബന്ധുക്കളെ നഷ്ടപെടും. നമ്മുടെ സന്തോഷം നഷ്ടപെടും. അതിനാൽ നമ്മുക്ക് എന്തെങ്കിലും പ്രശ്നം വന്നാൽ അതിനെ നേരിടണം നമ്മുടെ സന്തോഷം നഷ്ടപെടുത്തരുത്.

ആശിക്ക്. എച്ച് (6A)

കഥ

## ബുദ്ധിശാലിയായ കണ്ടൻ പൂച്ചയും എലികളും

ഒരിടത്ത് കുറെ എലികളും ഒരു കണ്ടൻ പൂച്ചയും താമസിച്ചിരുന്നു. കണ്ടൻ എന്നും ഓരോ എലികളെ കൊന്ന് തിന്ന് സുഖമായി ജീവിച്ചു. അതിൽ ചില എലികൾ മാത്രം മാളത്തിൽ കയറി രക്ഷപ്പെട്ടു. ദിനങ്ങൾ തോറും പൂച്ചയ്ക്ക് പ്രായം കൂടി വന്നു. ഓടാനും എലികളെ പിടിക്കാനും ഒന്നിനും വയ്യാതായി. എലികൾ അപ്പോഴും കണ്ടൻ പൂച്ചയെ പേടിച്ച് മാളത്തിൽ തന്നെ കൂടുതൽ സമയം കഴിഞ്ഞു. ഒരു ദിവസം രണ്ടെലികൾ വിശന്ന് തളർന്ന് പുറത്തേക്ക് ഇറങ്ങാൻ നോക്കി. പുറത്ത് മേശയുടെ പുറത്ത് ഒരു അപ്പം ഇരിക്കുന്നത് അവർ കണ്ടു. മേശയ്ക്ക് താഴെ കണ്ടനുമുണ്ട്. അതിൽ ഒരു എലിക്ക് പേടിയായി എങ്കിലും മറ്റേ എലി ധൈര്യമായി അപ്പം എടുക്കാൻ മേശയ്ക്ക് അരികിലേക്ക് നീങ്ങി. കണ്ടൻ പൂച്ച ഇതെല്ലാം കാണുന്നുണ്ടായിരുന്നു. അവൻ ചത്തത് പോല കിടന്നു. കണ്ടൻ ചത്തുപോയെന്ന് എലികൾ വിചാരിച്ചു. കൂട്ടുകാരെ നമ്മുടെ ശത്രു കണ്ടൻ മരിച്ചു. ഇനി നമ്മുക്ക് സുഖമായി ആരെയും പേടിക്കാതെ ജീവിക്കാം എലികൾ വിളിച്ചു പറഞ്ഞു. അതു കേട്ട് എല്ലാ എലികളും മാളത്തിൽ നിന്ന് പുറത്തേക്ക് വന്നു.അവർ സന്തോഷത്താൽ നൃത്തം ചെയതു. അതിൽ ഒരു എലി കണ്ടൻ പൂച്ചയുടെ തലയിൽ കേറി നൃത്തം ചെയ്തു. പെട്ടന്ന് കണ്ടൻ പൂച്ച ചാടി എഴുന്നേറ്റ് എലിയെ പിടിച്ചു തിന്നു. മറ്റ് എലികൾ പേടിച്ച് ഓടി മാളത്തിൽ ഒളിച്ചു. പ്രായമായെങ്കിലും ബുദ്ധി കൊണ്ട് എന്തും നേടാം.

LK /2018/43067
2022-25 BATCH

ഇർഫാൻ അഹമ്മദ് (6A)

കഥ

## വിലയുടെ മൂല്യം

ഒരു ദിവസം മകൻ അച്ഛനോട് ചോദിച്ചു:അച്ഛാ,എന്താണ് ജീവിതത്തിന്റെ മൂല്യം .അച്ഛൻ ഒരു നിമിഷം ആലോചിച്ചു.എന്നിട്ട് ഒരു കല്ലെടുത്ത് മകന്റെ കൈയിൽ കൊടുത്തിട്ട് മകനോട് പറഞ്ഞു:നിന്റെ ജീവിതത്തിന്റെ മൂല്യം അറിയണമെങ്കിൽ ഈ കല്ലുമായി മാർക്കറ്റിൽ പോവുക ആരെങ്കിലും ഈ കല്ലിന്റെ വില എത്ര എന്ന് ചോദിച്ചാൽ രണ്ടു വിരൽ ഉയർത്തി കാണിക്കുക. ആ മകൻ അച്ഛൻ പറഞ്ഞതു പോലെ മാർക്കറ്റിലേക്ക് പോയി. മാർക്കറ്റിന്റെ തിരക്കിനിടയിൽ അവൻ ആ കല്ലുമായി വളരെ അതിശയത്തോടെ നിന്നു .അപ്പോൾ ഒരു പ്രായമായ സ്ത്രീ അവന്റെ അടുത്തേക്ക് വന്നു ;എന്നിട്ട് ചോദിച്ചു:എത്രയാണ്  ഈ കല്ലിന്റെ വില!അവൻ ഒന്നും മിണ്ടിയില്ല, പകരം രണ്ടു വിരൽ ഉയർത്തിക്കാണിച്ചു. അപ്പോൾ ആ സ്ത്രീ ചോദിച്ചു:ഇരുപത് രൂപയോ? ഞാൻ എടുത്ത് കൊള്ളാം. അവൻ അതിശയിച്ചു. ഈ സാധാരണ കല്ലിനു ഇരുപത് രൂപയോ? അവൻ ഓടി അച്ഛന്റെ അടുത്ത് എത്തി.എന്നിട്ട് പറഞ്ഞു:മാർക്കറ്റിൽ ഒരു പ്രായമായ സ്ത്രീ ഇരുപതു രൂപ തരാമെന്നു പറഞ്ഞു അച്ഛൻ പറഞ്ഞു:മോനെ നീ ഈ കല്ലു കൊണ്ട് അടുത്തുള്ള മ്യൂസിയത്തിലേക്ക് പോകു അവിടെയും ആരെങ്കിലും ഈ കല്ലിന്റെ വില ചോദിച്ചാൽ ഒന്നും മിണ്ടരുത് പകരം രണ്ട് വിരൽ ഉയർത്തികാണിക്കു. അവൻ ഉടൻ തന്നെ മ്യൂസിയത്തിൽ പോയി കുറച്ചു നേരം കഴിഞ്ഞപോൾ ഒരാൾ അവന്റെ അടുത്തെത്തി എന്നിട്ട് ചോദിച്ചു: സാർ എന്താണ് ഈ കല്ലിന്റെ വില. അവൻ ഒന്നും മിണ്ടാതെ രണ്ടു വിരൽ

ഉയർത്തി കാണിച്ചു. അയാൾ ചോദിച്ചു രണ്ടായിരം രൂപയോ എനിക്ക് തരൂ ഞാൻ വാങ്ങികൊള്ളാം.അവൻ അതിശയപ്പെട്ടു അവൻ ഓടി വീട്ടിലെത്തി അച്ഛനോട് നടന്ന കാര്യങ്ങൾ മുഴുവനും പറഞ്ഞു. അപ്പോൾ അച്ഛൻ പറഞ്ഞു:മോനെ ഇനി നീ ഈ കല്ലു കൊണ്ട് വിലയേറിയ വജ്ര കല്ലുകൾ വിൽക്കുന്ന കടയിൽ പോകൂ.അവിടെയും ആരെങ്കിലും നിന്നോട് ഈ കല്ലിന്റെ വില ചോദിച്ചാൽ ഒന്നും മിണ്ടരുത് രണ്ട് വിരൽ ഉയർത്തി കാണിക്കുക. അവൻ അതിയായ ആവേശത്തോടെ വജ്രകടയിലേക്ക് ഓടി പതുക്കെ കടയിലേക്ക് കയറി. ക്യാഷ് കൗണ്ടറിൽ ഒരു പ്രായമായ ആൾ ഇരുപ്പുണ്ടായിരുന്നു കുട്ടിയുടെ കയ്യിലെ കല്ല് കണ്ടതും അയാൾ എണീറ്റ് അവന്റെ അടുത്തേക്ക് ഓടിയെത്തി എന്നിട്ട് അവനോട് പറഞ്ഞു: ഞാൻ ഇത്രയും മനോഹരമായ ഒരു കല്ല് കണ്ടിട്ടില്ല നിനക്ക് ഇത് എവിടന്നു കിട്ടി. ഈ കല്ല് എനിക്ക് വേണം. എത്രയാണ് ഈ കല്ലിന്റെ വില എത്ര. അവൻ അച്ഛൻ പറഞ്ഞത് പോലെ ഒന്നും മിണ്ടാതെ രണ്ടു വിരലുകൾ ഉയർത്തി. കടയുടെ ഉടമ ഒട്ടും ശങ്കിക്കാതെ പറഞ്ഞു: രണ്ടു ലക്ഷം രൂപയോ? ഞാൻ വാങ്ങികോള്ളാം. അവൻ ഒന്നും വിശ്വസിക്കാനായില്ല. അവൻ അതിവേഗം ഓടി അച്ഛന്റെ അടുത്തു പോയി, ഈ കല്ലിന് രണ്ടു ലക്ഷം രൂപകിട്ടുമെന്ന് അച്ഛനോട് പറഞ്ഞു. അച്ഛൻ അവനെ അടുത്തു ഇരുത്തിയിട്ട് പറഞ്ഞു: ഇപോൾ മനസ്സിലായോ എന്താണ് നമ്മുടെ ജീവിതത്തിന്റെ മൂല്യമെന്ന് ഈ കല്ലു പോലെ തന്നെയാണ് നമ്മുടെ ജീവിതവും എവിടെയായിരിക്കുന്നു എന്നതിനനുസരിച്ചാണ് നമ്മുടെ ജിവിതത്തിന്റെ മൂല്യം നിശ്ചയിക്കപ്പെടുന്നത്.

വിജീഷ്.എസ് (7A)

കഥ

## ഓണതുമ്പികൾ

മുൻ വശത്തെ ബഹളം കേട്ട് മുത്തശ്ശ്ൻ പുറത്ത് വന്നു.എന്താ ഉണ്ണി അവിടെ ഒരു ബഹളം. മുത്തശ്ശാ ദാ...കണ്ടില്ലേ എനിക്ക് ചുറ്റും തുമ്പികൾ പറക്കുന്നത്. എന്താ മുത്തശ്ശാ തുമ്പികൾ ഇങ്ങനെ പറക്കുന്നത്. ഓണക്കാലം അല്ലേ ഉണ്ണി അതുകൊണ്ടാണ്. ഓണത്തിന് മത്രമേ തുമ്പി ഉള്ളോ മുത്തശ്ശാ.. ഇല്ല ഉണ്ണി എല്ലാ മാസവും ഉണ്ട് ഈ തുമ്പികൾ... എന്നാൽ ഇവ ഓണത്തിന് മാത്രം വരുന്നതതാണ്.അത് കൊണ്ടാണോ മുത്തശ്ശാ ഇവരെ ഓണതുമ്പികൾ എന്ന് വിളിക്കുന്നത്. അതെ മോനേ.... .മുത്തശ്ശനെ കെട്ടി പിടിച്ച് ഉണ്ണിചിരിച്ചു.

വിസ്മയ്യ്ഗോബൻ. (6A)

ചെറുകഥ

# ഉണ്ണിക്കുട്ടനും ജിമ്മിപ്പൂച്ചയും

ഒരു ദിവസം ഉണ്ണിക്കുട്ടൻ ജിമ്മിപ്പൂച്ചയുമായ് കളിക്കുകയായിരുന്നു.അവർ കളിച്ച്  കളിച്ച് വഴി തെറ്റിപോയി. ഉണ്ണിക്കുട്ടൻ പറഞ്ഞു :അയ്യോ നമ്മൾക്ക് വഴി തെറ്റിപ്പോയല്ലോ. രണ്ടുപേരും ഒരുപാട് ദൂരം നടന്നു. രണ്ടുപേരും ഉൾക്കാട്ടിൽ എത്തി.നടന്ന് നടന്ന് അവർ ഒരു സിംഹത്തിന്റ അടുത്ത് എത്തി. അവർ പേടിച്ചുപോയി പക്ഷേ അത് കുട്ടി സിംഹം ആയത് കൊണ്ട് അവരെ ഒന്നും.ചെയ്തില്ല.അവർ വീണ്ടും നടന്നു അപ്പോൾ ഉണ്ണിക്കുട്ടൻ കാൽതെറ്റി കുളത്തിൽ വീണു.അപ്പോൾ ഉണ്ണിക്കുട്ടൻ ഒരു കല്ലിൽ പിടിച്ച് മുകളിൽ കേറി.അവർ വിണ്ടും നടന്നു അപ്പോൾ ജിമ്മിപ്പൂച്ച ഒരു കുഴിയിൽ വീണു.ഉണ്ണിക്കുട്ടൻഒരു കയർ കൊണ്ട് ജിമ്മിപ്പൂച്ചയെ രക്ഷിച്ചു.രണ്ടുപേരും വീണ്ടും നടന്നപോൾ ദൂരെ അവരുടെ വീട് കണ്ടു. രണ്ടുപേരും സന്തോഷത്തോടെ വീട്ടിലെത്തി.

അൽ ഫാരിസ്  (6A)

ചെറുകഥ

## ഈച്ചയും പൂച്ചയും

ഈച്ചയും പൂച്ചയും നല്ല കൂട്ടുകാരായിരുന്നു. ഒരിക്കൽ അവർ രണ്ടു പേരുംകൂടി വലിയ കലത്തിൽ കഞ്ഞിവെച്ചു. കഞ്ഞി കുടിക്കാൻ പ്ലാവില ഉണ്ടായിരുന്നില്ല.പ്ലാവില ഞാൻ കൊണ്ടുവരാം നീ കഞ്ഞിക്കലം സൂക്ഷിച്ചോളൂ" പൂച്ച ഓടിപ്പോയി. ഈച്ച കഞ്ഞിക്കലത്തിന്റെ വക്കത്ത്  കാവലിരുന്നു. ഏറെ നേരം കാത്തിരുന്നിട്ടും പൂച്ച വന്നില്ല .അവന് വിശപ്പ്മൂത്തു. ആർത്തി മൂത്ത ഈച്ച ചങ്ങാതിയെ കാത്തിരിക്കാതെ കലത്തിലേക്ക് തലനീട്ടി. പൂച്ച പ്ലാവിലയുമായി വന്നപ്പോൾ ഈച്ചയെ കണ്ടില. ഈച്ചേ ഈച്ചേ നീ എവിടെപ്പോയി? പൂച്ച ചുറ്റും നോക്കി. അപ്പോഴാണ് ഈച്ച കഞ്ഞിക്കലത്തിൽ വീണു കിടക്കുന്നത് കണ്ടത്.

ആർത്തിആർക്കും നന്നല്ല.

ആകാശ്  (7A)

ചെറുകഥ

തങ്കമ്മച്ചേച്ചി

1978 ൽ ഒരു പ്രഭാതം.അന്നാണ് ഞങ്ങൾക്കൊരു പുതിയ അയൽക്കാരെ കിട്ടിയത് .പുതിയതാണെങ്കിലും ഇവരെ ഞങ്ങൾക്കെല്ലാവർക്കും അറിയാവുന്നവർ തന്നെ. ഒരു പത്തുപതിനഞ്ചു വീടപ്പുറത്തായിരുന്ന ഇവരുടെ താമസം. സ്വാഭാവികമായും ആളുകളെ അറിയാമെന്നല്ലാതെ അതിനപ്പുറം ഒരു പരിചയത്തിന് സാധ്യത പോലും ഇല്ലല്ലോ! ഞങ്ങളുടെ തൊട്ടടുത്ത് വെറുതെ കിടന്നിരുന്ന ഇരുപതു സെന്റോളം സ്ഥലം വിലക്കുവാങ്ങിക്കുകയും അതിൽ തെങ്ങിൻ പറമ്പും ഓലയു കൊണ്ട് സാമാന്യം തരക്കേടില്ലാത്ത ഒരു താൽക്കാലിക കുടിൽ വെച്ചു കെട്ടി അതിൽ താമസമാക്കുകയും ചെയ്തു. മൂന്നു പെൺമക്കളും മൂന്നു ആൺമക്കളും ഒരു അമ്മച്ചിയും അപ്പച്ചനും അടങ്ങുന്ന കൊച്ചു കുടുംബം. എല്ലാവരും സന്തോഷത്തോടുകൂടിയാണ് ഒന്നിച്ച് താമസിച്ചിരുന്നത്. പക്ഷെ പെട്ടന്നാണ് അപ്രതീക്ഷമായി ആ സംഭവം നടന്നത് . അത് ആ കുടുംബത്തെ വളരെ തന്നെ തളർത്തിരുന്നു. എല്ലാവരും തമ്മിൽ-തമ്മിൽ വഴക്കുണ്ടാക്കുമായിരുന്നു. പക്ഷെ അവർ ആ

സംഭവത്തിന്റെ പരിഹാരം ഇതുവരെ കണ്ടെത്തിയിട്ടില്ല. അതുകൊണ്ട് അതൊരു ശപിക്കപ്പെട്ട കുടുംബമായി കാണുന്നു.ഇതു വരെ ആർക്കും അത് എന്ത് പ്രശ്നമാണെന്ന് അറിയില്ല.അത് ഒരു തീർപ്പില്ലാത്ത രഹസ്യം തന്നെയാണ് .

വിഷ്ണു പ്രസാദ് (6A )
കഥ

## ചക്കപ്പഴവും കാക്കപ്പടയും

കുട്ടപ്പൻ ചേട്ടന്റെ വീടിന് കുറച്ചകലെയായി വിശാലമായ ഒരു തെങ്ങിൻ തോട്ടമുണ്ട് . അവിടെ തെങ്ങ് കൂടാതെ കുറച്ച് പ്ലാവുകളും മാവും കൂടെയുണ്ട് . ഒരു ദിവസം കുട്ടപ്പൻ ചേട്ടൻ തോട്ടത്തിൽ പോയി നല്ല മൂത്ത പഴുത്ത ചക്കയിട്ടു. നല്ല പാകമെത്തിയ ചക്ക ചെറുതായി പൊട്ടിയിട്ടുണ്ടായിരുന്നു. കുട്ടപ്പൻചേട്ടൻ ചക്കയും തലയിൽ വെച്ച് വീട്ടിലേക്ക് നടന്നു.ചക്കപ്പഴത്തിന്റെ ഗന്ധം അകലേക്കു വരുന്നുണ്ടായിരുന്നു. പോകും വഴിക്ക് എതിരെ വന്ന കേശവൻ ചേട്ടൻ ചോദിച്ചു : കുട്ടപ്പാ,ചക്കയിൽ കുറച്ച് ഭാഗം എനിക്ക് തരുമോ? വീട്ടിലെ കുട്ടികൾക്ക് ചക്ക എന്ന് പറഞ്ഞാൽ ജീവനാണ് .
ഈ ചക്കപ്പഴത്തിന്റെ മണം തന്നെ കൊതിപ്പിക്കുന്നതാണ് .
ഇല്ലില്ല, നല്ല ഒന്നാന്തരം തേൻവരിക്കയാണ് അങ്ങനെ വല്ലവർക്കും കൊടുക്കാനുള്ളതല്ല,എന്നും പറഞ്ഞ് കുട്ടപ്പൻ നടന്നു നീങ്ങി.അങ്ങനെ നടന്നു പോകും വഴി കുറെ കാക്കകൾ കൂട്ടമായി പറന്നെത്തി, കുട്ടപ്പൻ അവയെ ഓടിക്കാൻ ശ്രമിച്ചു. പക്ഷെ

പറ്റിയില്ല അവ ഒന്നിച്ച് ചക്കയുടെ മുകളിൽ വന്നിരുന്ന കൊത്താൻ തുടങ്ങി കുട്ടപ്പൻ അവയെ ഓടിക്കാൻ വീണ്ടും നോക്കി അപ്പോൾ കുട്ടപ്പനെ കാക്കകൾ കൂട്ടമായി ആക്രമിച്ചു എന്ന സ്ഥിതിയായപ്പോൾ സഹികെട്ട് അയാൾ ചക്ക വലിച്ചെറിഞ്ഞിട്ട് വീട്ടിലേക്ക് ഓടി രക്ഷപ്പെട്ടു .കഷ്ടം കുറച്ച് ആ കേശവന് കൊടുത്തിരുന്നെങ്കിൽ ആ കുട്ടികളെങ്കിലും തിന്നിരുന്നേനെ! ഇതിപ്പോ ആർക്കും ഇല്ലാതായി.

പങ്കിട്ട് കൊടുക്കുകയാണ് എറ്റവും വലിയ മഹത്വം

മുഹമ്മദ് റയ്യാൻ
6A

LK /2018/43067

2022-25 BATCH



LK /2018/43067

2022-25 BATCH



LK /2018/43067

2022-25 BATCH



LK /2018/43067

2022-25 BATCH



LK /2018/43067

2022-25 BATCH



LK /2018/43067

2022-25 BATCH



## കേരളം

പ്രകൃതി ഭംഗിയും സൗന്ദര്യം ഉള്ള എന്റെ കേരളം ഞാൻ ജനിച്ച് വളർന്ന സ്വന്തം നാട് . കുന്നും പുഴയും വയലും അരുവികളും ചേർന്ന ദൈവത്തിന്റെ സ്വന്തം നാട് . പക്ഷേ ഇന്ന് എന്റെ നാടിന്റെ അവസ്ഥ വളരെ കഷ്ടമാണ് . ലഹരി മരുന്നിനും അടിമകളായ യുവതലമുറകൾ കോറോണ എന്ന മഹാമാരിയുടെ പിടിയിൽനിന്നും രക്ഷിക്കാം നമുക്ക്. നല്ല ഒരു കേരളത്തെ വരവേൽക്കാം.

വിസ്മയ ഗോപൻ (5A)
ലേഖനം

## വിദ്യാലയം

വിദ്യ വളർത്തുന്ന വിദ്യാലയം.
നന്മ നൽകീടുന്ന വിദ്യാലയം
ഗുരുകൃപ ചൊരിയുന്ന,മൊഴിമുത്തുവിതറുന്ന സൗഹൃദപന്തലിൻ
തണൽ വീഴ്ത്തി പായുന്ന അടിപിടി ഓർമകൾ ഓടിക്കളിക്കുന്ന
അന്നത്തിൻ പങ്കിടൽ ആഹ്ലാദമേകുന്ന ജിവിത
സുഗന്ധിയാണെന്റെ വിദ്യാലയം.
ഉർച്ചട്ടപ്പേറുന്ന ജീവിതയാത്രയാൽ ഉള്ളലിയിപ്പിക്കും കുളിർമ
ചൊരിഞ്ഞിടും മധുരമുള്ളോർ മകൾ മാടിവിളിക്കുന്ന
മായാത്ത മന്ദിരമാണന്റെ വിദ്യാലയം

മഞ്ജു ടീച്ചർ
കവിത

LK /2018/43067

2022-25 BATCH



LK /2018/43067

2022-25 BATCH



LK /2018/43067
2022-25 BATCH

# എന്റെ അമ്മ

ദൈവത്തിൻ തുല്യമെന്നമ്മ പനിനീർ പൂവിൻ സമം എൻ അമ്മ
റോജാമലരിൻ നിറമെൻ അമ്മ .
ആ മുലപ്പാലിൻ മധുരമെൻ അമ്മ
അടുക്കള തോപ്പിലെ രാജ്ഞി എന്നമ്മ
പിച്ചവെക്കാൻ പഠിപ്പച്ച അമ്മ.
ജനിച്ചാൽ വിളിക്കുന്ന ആദ്യ വാക്ക് അമ്മ
അമ്മയ്ക്ക് പകരം ആരുണ്ട്
ദൈവമെന്നമ്മ വിദ്യയെന്നമ്മ
അമ്മയില്ലാത്ത ലോകമില്ല.

സംഗീത് സജി (8 C)
കവിത

LK /2018/43067

2022-25 BATCH

നമ്മിൽ ഗതകാല സ്മരണകൾ ഉണർത്താൻ സഹായിക്കുന്ന മിന്നാമിനുങ്ങ്  എന്ന ഈ ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കാൻ സഹായിച്ച എല്ലാവർക്കും

നന്ദി.......